കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-കളമശ്ശേരി നഗരസഭ-ശുചീകരണ പ്രവർത്തിയുമായി നിയമിച്ച 25 തൊഴിലാളികളുടെ സേവനകാലാവധി ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2342/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.8.2016

പരാമർശം : 1 സ.ഉ(സാധ)നം.)532/2016/തസ്വഭവ,തീയതി 09/02/2016
2) കളമശ്ശേരി നഗരസഭാ കൗൺസലിന്റെ 08/06/2016 ലെ 3-ാം തീരുമാനം.
3) കളമശ്ശേരി നഗരസഭാ ചെയർപേഴ്സന്റെ 08/06/2016 ലെയും 27/06/2016 ലെയും എച്ച്.7039/13 നം.കത്തുകൾ
4) സർക്കാരിന്റെ 12/07/2016 ലെ ഇയു3/97/2016/തസ്വഭവ നം.കത്ത്.

**ഉത്തരവ്**

കളമശ്ശേരി നഗരസഭയിൽ ശുചീകരണ പ്രവർത്തനം നടത്തുന്നതിനായി പരാമർശം(1) പ്രകാരം 25 ശുചീകരണ തൊഴിലാളികളെ 6 മാസക്കാലത്തേയ്ക്ക് താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ കാലാവധി 31/07/2016-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ 01/08/2106 മുതൽ നിലവിലുള്ള ഉത്തരവ് ഒരു വർഷക്കാലത്തേയ്ക്ക് നീട്ടി നൽകണമെന്ന് പരാമർശത്തിലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ,പരാമർശം(3) പ്രകാരം ലഭിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കളമശ്ശേരി നഗരസഭാ കൗൺസിൽ തീരുമാനം അംഗീകരിച്ച്,പരാമർശ(1)ലെ സർക്കാർ ഉത്തരവിന്റെ കാലാവധി 31/07/2016-ൽ അവസാനിച്ചതിനാൽ 01/08/2016 മുതൽ ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

രമേശൻ.എം.കെ
ജോയിന്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

നഗര കാര്യ ഡയറക്ടർ ,തിരുവനന്തപുരം .
സെക്രട്ടറി,കളമശ്ശേരി നഗരസഭ.
ചെയർപേഴ്സൺ,കളമശ്ശേരി നഗരസഭ.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ